രിക്കുന്നതിനു് മതസംഘടനകൾ പ്രാധാന്യം നൽകട്ടെ. അതേസമയം, വ്യക്തിയും ഈശ്വരനും തമ്മിലുള്ള ആന്തരബന്ധമായ മതത്തെ കൊള്ളയും കൊലയും തീവെപ്പിനുമുള്ള ഒഴികഴിവായി കാണാതിരിക്കാനുള്ള സദ്ബുദ്ധി സാധാരണക്കാർക്കും ഉണ്ടാകട്ടെ. വാദിക്കുന്നതിലും കീഴടക്കുന്നതിലുമല്ലാതെ അറിയുന്നതിലും അറിയിക്കുന്നതിലുമാണു് മതപ്രവർത്തകർക്കു താല്പര്യമെങ്കിൽ, ഈശ്വരന്റെ പേരിൽ മനുഷ്യരക്തം ചൊരിയപ്പെടുന്ന ഗതികേടു് എന്നെങ്കിലും ഉണ്ടാവുമായിരുന്നുവോ?

22 സെപ്തംബർ, 1981

## 41. മതംമാററങ്ങൾക്കു പിന്നിൽ

തമിഴ്നാട്ടിൽ മീനാക്ഷിപുരത്തും മററും ഹരിജനങ്ങൾ കൂട്ടത്തോടെ ഇസ്ലാമിൽ ചേർന്നതിനെത്തുടർന്നു്, ഹിന്ദുമതത്തിൽനിന്നും, ഹിന്ദുമതത്തിലേക്കു തിരിച്ചുമുള്ള മതപരിവർത്തനങ്ങൾ സംബന്ധിച്ച വാർത്തകൾ ഇടയ്ക്കിടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. സമുദായങ്ങൾക്കിടയിൽ സ്പർധ വളർത്താനല്ലാതെ, ഏതെങ്കിലും സമുദായത്തിന്റെ നില മെച്ചപ്പെടുത്താൻ ഈ പരിവർത്തനങ്ങൾ ഉതകുന്നില്ല. പലപ്പോഴും ഈ പരിവർത്തനങ്ങൾക്കു് അടിയിലുള്ളതു് അസ്ഥിരചിത്തരായ വ്യക്തികളാണു്. ഉദാഹരണം വേണമോ? മഹാത്മാഗാന്ധിയുടെ മൂത്ത മകനായ ഹീരാലാൽ ഗാന്ധിയെ ഇസ്ലാമിൽ ചേർക്കുകവഴി ഇന്ത്യയിലാകെ ഒരു കാലത്തു പ്രസിദ്ധനായിത്തീർന്ന ഒരു വ്യക്തിയുമായി പരിചയപ്പെടുക!

നാഗ്പൂർ ജില്ലയിൽ ഢ്ംഗാവ് എന്ന ഗ്രാമത്തിൽ 1905-ൽ ജനിച്ച രാംദാസ് ഗോവിന്ദ രാംടേകേ ആണു് ഈ വ്യക്തി. അംബേഡ്കറുടെ ജന്മംകൊണ്ടു് അനുഗ്രഹിക്കപ്പെട്ട 'മഹാർ' എന്ന ഹരിജനജാതിയിലാണു് രാംദാസും പിറന്നതു്. വർധയിൽ ബേസിക് നോർമൽ ട്രെയ്നിങ് സ്കൂളിൽ അദ്ധ്യാപകപരിശീലനം നേടിക്കൊണ്ടിരിക്കെ, രാംദാസ് മഹാത്മാഗാന്ധിയുമായി അടുത്തു പരിചയപ്പെട്ടു. തന്റെ അമ്മാമനുമായുള്ള ആകൃതിസാമ്യം മുൻനിർത്തി 'മാമു' എന്നാണു് ഗാന്ധിജിയെ രാംദാസ് വിളിക്കാറു്. പാലിനുവേണ്ടി ഗാന്ധിജി പോററിയിരുന്ന ആടുകളെ സംരക്ഷിക്കുന്ന ഭാരം രാംദാസ് ഏറെറടുത്തു. അങ്ങനെ ഗാന്ധിജിയുടെ മകൻ ഹീരാലാൽ രാംദാസിന്റെ സുഹൃത്തായി. അക്കാലത്തു് ഹീരാലാൽ ഒരു മുഴുക്കുടിയനായിരുന്നു.

1928-ൽ രാംദാസ് നാഗ്പൂരിൽ ഒരു സ്കൂൾമാസ്റ്റർ ആയിത്തീർന്നു. ആയിടയ്ക്കു് അക്ബർ അലി രോഷൻ അലി എന്ന ഒരു മുസ്ലിം സുഹൃത്തുമൊന്നിച്ചു് രാംദാസ് ഉയർന്ന ജാതിയിൽപ്പെട്ട ഒരു ഹിന്ദുവിന്റെ ചായക്കടയിൽ കയറി. രാംദാസിന്റെ ജാതി ആരോ പറഞ്ഞു് അറിഞ്ഞ കടയുടമ ഈ 'മഹാർ മാസ്റ്ററെ' അധിക്ഷേപിച്ചു് ഇറക്കിവിട്ടു; കട അശുദ്ധമാക്കിയതിനു് നഷ്ടപരിഹാരം ആവശ്യപ്പെടുകയും ചെയ്തു. ഹിന്ദുമഹാസഭാനേതാവായിരുന്ന ഡോ. മുഞ്ജേയും മററും ഇടപെട്ടാണു് ആ കുഴപ്പം പരിഹരിക്കപ്പെട്ടതു്.

ഇതിനെത്തുടർന്നു് രാംദാസ് ഇസ്ലാം സ്വീകരിച്ചു. അബ്ദുള്ള രാംദാസ് എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി. അബ്ദുള്ള എന്ന വാക്കിനും 'ഈശ്വരദാസൻ' എന്നാണല്ലോ അർത്ഥം. അഗ്രചർമം ഛേദിക്കാൻ ആരും അബ്ദുള്ളയെ നിർബന്ധിച്ചില്ല.

ഹിന്ദുമതത്തിൽ തൻെറ ജാതിക്കാർക്ക് ആത്മാഭിമാനം പുലർത്തി ജീവിക്കുക സാദ്ധ്യമല്ലെന്ന ബോധോദയം വന്ന അബ്ദുള്ള രാംദാസിൻെറ പിന്നത്തെ പരിശ്രമം മഹാർമാരെ ഇസ്ലാമിൽ ചേർക്കുന്നതിനായി. രണ്ടായിരം മഹാർമാരെ അദ്ദേഹം ഇസ്ലാമിലേക്കു പരിവർത്തനം ചെയ്യിച്ചു. ഇതിൻെറ പേരിൽ മുസ്ലിങ്ങൾ അദ്ദേഹത്തെ 'മൗലാനാ അബ്ദുള്ള' എന്നു വിളിക്കാനും തുടങ്ങി. ഇക്കാലത്താണ് മഹാത്മാഗാന്ധിയുടെ മൂത്തമകനായ ഹീരാലാലിനെ അബ്ദുള്ള രാംദാസ് ഇസ്ലാമിൽ ചേർത്തത്. ഹീരാലാൽ അക്കാലത്ത് അച്ഛനോടു പിണങ്ങി മുക്കററം കുടിച്ചു കണ്ടമാനം നടക്കുകയായിരുന്നു. അങ്ങനെ ഹീരാലാൽ 'അബ്ദുള്ള ഗാന്ധി'യായി. ഗാന്ധിജിയെ മാനം കെടുത്തുന്ന ഒരു 'സംഭവമെന്ന നിലയിൽ ജിന്നയും ഹൈദരാബാദിലെ നൈസാമും മററു പലരും ഈ പരിവർത്തനത്തിൽ അത്യന്തം ആഹ്ലാദിച്ചു. ജിന്നയുടെ അനുഗ്രഹത്തോടെ അബ്ദുള്ള രാംദാസ് അഖിലേന്ത്യാ മുസ്ലിം കോൺഫറൻസിൻെറ അദ്ധ്യക്ഷനായി. ഈ അവസരത്തിൽ അദ്ദേഹത്തെ ആഗ്രയിലെ തെരുവുകളിലൂടെ ഘോഷയാത്രയായി കൊണ്ടുപോയി. രാംദാസിനും അബ്ദുള്ള ഗാന്ധിക്കും ഇന്ത്യയിലുടനീളം സ്വീകരണങ്ങൾ നല്കപ്പെട്ടു. കേരളത്തിൽക്കൂടി അവർ വന്നിരുന്നു എന്നാണ് എൻെറ ഓർമ. ഇതു് 1935-ൽ ആയിരുന്നു. ഹൈദരാബാദിലെ നൈസാം അവർക്കു കെങ്കേമമായ സല്ക്കാരം നല്കി.

ഇക്കാലത്തു് രാംദാസിൻെറ മാതാപിതാക്കൾ വയോവൃദ്ധരായിക്കഴിഞ്ഞിരുന്നു. തങ്ങൾ മരിച്ചാൽ, പരലോകത്തിൽ ഗതികിട്ടുന്നതിനു വേണ്ടി, അസ്ഥികൾ ഗംഗയിൽ കൊണ്ടുപോയി നിക്ഷേപിക്കാൻ ഒരു പുത്രനില്ലല്ലോ എന്നതായിരുന്നു അവരുടെ ദുഃഖം. മുസ്ലിമായിക്കഴിഞ്ഞ രാംദാസിനു് ഈ കർമം ചെയ്തുകൂടല്ലോ. മാതാപിതാക്കളുടെ ദുഃഖം കണ്ടു മനമലിഞ്ഞ അബ്ദുള്ള രാംദാസ് ശുദ്ധികർമം കഴിച്ചു വീണ്ടും ഹിന്ദുവായി. ആർ. എസ്. എസ്. സ്ഥാപകനായിരുന്ന ഹേഗ്ഡേവാർ, സവർക്കർ മുതലായവർ ഈ ശുദ്ധികർമത്തിൽ സന്നിഹിതരായിരുന്നു. ഈ പരിവർത്തനം നാഗ്പൂർ നഗരത്തിൽ സാമുദായിക ലഹളയ്ക്കു കാരണമായി. അംബേഡ്കറുടെ നിർദ്ദേശപ്രകാരം രാംദാസ് ബോംബെയിൽ സവർക്കറുടെ വീട്ടിൽ ചെന്നു പാർത്തു. ഹൈദരാബാദിലെ നൈസാം കൊടുത്ത ഒരു കേസ്സിൽനിന്നു രക്ഷപ്പെടാൻ ഡോ. അംബേഡ്കർ രാംദാസിനെ സഹായിച്ചുവത്രേ. അംബേഡ്കറുടെ പ്രേരണമൂലം 1956-ൽ രാംദാസ് ഒരിക്കൽക്കൂടി മതം മാറി. ഇത്തവണ പരിവർത്തനം ബുദ്ധമതത്തിലേക്കായിരുന്നു.

രാംദാസ്, അഥവാ അബ്ദുള്ള രാംദാസ്, ഇപ്പോൾ ഒരു ബുദ്ധഭിക്ഷുവാണ്. പാട്ടു പാടി ഭിക്ഷയെടുത്തു് നാഗ്പൂരിൽ ജീവിതം നയിക്കുന്നു. കാവിവസ്ത്രമാണു ധരിക്കുന്നതു്. 'മഹാത്മാ ജയ്ജകർ' എന്ന പേരിൽ അറിയപ്പെടാനാണ് അദ്ദേഹത്തിനിഷ്ടം. നല്ല ഓർമശക്തിയുള്ള അദ്ദേഹം, ആരെങ്കിലും ചോദിച്ചാൽ ഈ കഥ എല്ലാം പറയും. 'ബുദ്ധം ശരണം ഗച്ഛാമി' എന്ന ശരണംവിളിയോടെയാണത്രേ അദ്ദേഹം 'പ്രബോധ'മാസികയുടെ നാഗ്പൂർ ലേഖകനുമായുള്ള അഭിമുഖസംഭാഷണം അവസാനിപ്പിച്ചതു്.